# പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ 712

10/02/2016-ൽ മറുപടിക്ക്

### അന്യ സംസ്ഥാന തൊഴിലാളി ക്യാമ്പുകളിലെ പകർച്ചവ്യാധി ഭീഷണി

ചോദ്യം
**ശ്രീ.എം.ഉമ്മർ**

മറുപടി
**ശ്രീ. വി.എസ്. ശിവകുമാർ**
**(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി)**

| | | | |
|---|---|---|---|
| എ) അന്യ സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ നിന്നും പകർച്ചവ്യാധി ഭീഷണി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ; | എ) | അന്യ സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ ചിലയിടങ്ങളിൽ പകർച്ചവ്യാധികൾ ഉണ്ടാകാനുള്ള സാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരുടെ താമസസ്ഥലങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ സാധാരണ കുറവാണ്. വ്യക്തിശുചിത്വം, പരിസരശുചിത്വം, വാസസ്ഥലങ്ങൾ എന്നിവയിലും പോരായ്മയുണ്ട്. ശുദ്ധമായ കുടിവെള്ളത്തിന്റെ കുറവും, ആവശ്യത്തിന് ശൗചാലയങ്ങൾ ഇല്ലാതിരിക്കുന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും എത്തുന്ന ഇത്തരക്കാർവഴി പകർച്ചവ്യാധികളായ മലമ്പനി, മന്ത്, ത്വക്ക് രോഗങ്ങൾ, ക്ഷയം, കുഷ്ഠം തുടങ്ങിയവ ഇവിടെ വ്യാപിക്കുന്നുണ്ട്. |
| ബി) സേഫ് കേരളാ പരിപാടിയുടെ ഭാഗമായി ഇത്തരം ക്യാമ്പുകളിൽ പ്രത്യേക പരിശോധന നടത്തിയിട്ടുണ്ടോ; വിശദാംശം നൽകുമോ; | ബി) | നടത്തിയിട്ടുണ്ട്. 2014 ലാണ് സേഫ് കേരളാ പദ്ധതി ആരംഭിച്ചത്. 2014 ലും 2015 ലും സേഫ് കേരളാ പരിപാടിയുടെ ഭാഗമായി ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ പരിശോധന നടത്തി പൊതുജനാരോഗ്യവുമായി ബന്ധപ്പെട്ട പോരായ്മകൾ മനസ്സിലാക്കി നടപടികൾ സ്വീകരിച്ചിരുന്നു. കൂടാതെ 'ജാഗ്രത' എന്ന പേരിൽ ജൂലായ്, ആഗസ്റ്റ് മാസങ്ങളിൽ ഇതര സംസ്ഥാന തൊഴിലാളികളുടെ വാസസ്ഥലങ്ങളിൽ എത്തി രോഗപരിശോധന, ചികിത്സ, ബോധവൽക്കരണം എന്നിവയും നടത്തി. ഇതു കൂടാതെ ഓരോ ജില്ലയിലേയും ദേശീയ പ്രാണിജന്യരോഗനിയന്ത്രണ പരിപാടിയുടെ ഭാഗമായി ദൈവാര/പ്രതിമാസ പരിപാടിയായി മലമ്പനി, മന്ത് തുടങ്ങിയ രോഗങ്ങൾ പരിശോധിക്കുന്നു. സേഫ് |

| | | |
|---|---|---|
| | | കേരള പരിപാടിയുടെ ഭാഗമായി 23385 ക്യാമ്പുകളിൽ പരിശോധന നടത്തി. 3566 ക്യാമ്പുകൾക്ക് നോട്ടീസ് നൽകി. 36 എണ്ണം അടച്ചുപൂട്ടി. 'ജാഗ്രത' പരിപാടി പ്രകാരം 6207 ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ മെഡിക്കൽ ക്യാമ്പുകൾ നടത്തി. 146007 പേരെ പരിശോധിച്ച് വേണ്ട സൗജന്യ ചികിത്സ നടത്തി. |
| സി) ഇത്തരം ക്യാമ്പുകൾക്ക് പൊതുജനാരോഗ്യ നിയമ പ്രകാരം നോട്ടീസ് നൽകുന്നതിനൊപ്പം ക്യാമ്പുകളെ മെച്ചപ്പെടുത്താൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ? | സി) | ഫീൽഡ് ജീവനക്കാർ, ദേശീയ പ്രാണിജന്യരോഗനിയന്ത്രണ പരിപാടിയുടെ ഭാഗമായി ദൈവാര/പ്രതിമാസ സന്ദർശനം ഇതര സംസ്ഥാന തൊഴിലാളി ക്യാമ്പുകളിൽ നടത്തുകയും മലമ്പനി, മന്ത് തുടങ്ങിയ പകർച്ചവ്യാധികൾ ഉണ്ടോ എന്ന് പരിശോധിച്ച് സൗജന്യ ചികിത്സ നൽകുകയും ചെയ്യുന്നു. 'ജാഗ്രത' എന്ന പേരിൽ നടത്തുന്ന ഇത്തരം ക്യാമ്പുകളിൽ മെഡിക്കൽ ക്യാമ്പ്, ആരോഗ്യ ബോധവൽക്കരണം തുടങ്ങിയവ നടത്തി. ലേബർ വകുപ്പ്, തദ്ദേശസ്വയംഭരണം, ആരോഗ്യം തുടങ്ങിയ വകുപ്പുകൾ ഒത്തുചേർന്ന് പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുകയും ജില്ലാതലത്തിലും സംസ്ഥാനതലത്തിലും ഇത്തരം പരിപാടികൾക്ക് വേണ്ട വിലയിരുത്തലും മേൽ നോട്ടവും നടത്തുകയും ചെയ്തുവരുന്നു. കൂടാതെ ഇതര സംസ്ഥാന തൊഴിലാളികൾക്കുവേണ്ടി അവരുടേതായ ഭാഷയിൽ അനുയോജ്യമായ സമയത്ത് ബോധവൽക്കരണവും നടത്തിവരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ